ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഈ കഴിഞ്ഞ മൂന്നു കൊല്ലക്കാലത്തിനകം എത്രതങ്കിലും ഡെയിലിവേജസ്കാരായ കൺഡക്ടർമാരേയോ, ഡ്രൈവർമാരേയോ സ്ഥിരപ്പെടുത്തിയിട്ടുണ്ടോയെന്നാണു് ചോദിച്ചതു് ?

ശ്രീ. കെ. ടി. അച്യുതൻ : ഈ കഴിഞ്ഞ മൂന്നു് മൂന്നര കൊല്ലത്തിനിടയിൽ ഏകദേശം ഇരുനൂറോളംപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടു്.

ശ്രീമതി കെ. ആർ. ഗൌരി : ഡെയിലിവേജസിൽ എടുക്കുന്ന കൺഡക്ടർമാരേയും ഡ്രൈവർമാരേയും എത്രകൊല്ലം ഇങ്ങനെ ജോലി ചെയ്യുമ്പോൾ സ്ഥിരം സർവ്വീസിൽ എടുക്കുമെന്നു് പറയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെ എത്ര കാലത്തിനകം സ്ഥിരമായി നിയമിക്കാൻ സാധിക്കുമെന്നു് പറയാൻ നിവൃത്തിയില്ല. പബ്ളിക്കു് സർവ്വീസു് കമ്മീഷന്റെ ലിസ്റ്റനുസരിച്ചു് സ്ഥിരമായി വേക്കൻസി വരുമ്പോൾ സീനിയോറിട്ടി നോക്കി സ്ഥിരപ്പെടുത്തുന്നതാണു്.

ശ്രീമതി കെ. ആർ. ഗൌരി : കുറച്ചു ദിവസങ്ങൾക്കുമുമ്പു് ഐ. എൻ. ടി. യു. സി. യുടെ നേതൃത്വത്തിൽ ഡെയിലിവേജസുകാർ സമരം നടത്തിയപ്പോൾ, അവരുടെ അവകാശങ്ങൾ പരിഗണിക്കുമെന്നു് പറയുകയുണ്ടായി. അതനുസരിച്ചു് മന്ത്രി ആരെയെങ്കിലും സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : ഇതിനെ സംബന്ധിച്ചു് ഇന്നലെ ശ്രീ. പി. ആർ. ഫ്റാൻസിസു് ഒരു ചോദ്യം ചോദിച്ചതിനു് ഞാൻ മറുപടി കൊടുത്തിട്ടുണ്ടു്. അതു് ഗവണ്മെൻറിന്റെ തീരുമാനത്തിലിരിക്കുകയാണു്. ഉടനെ തന്നെ അതിനൊരു അവസാന തീരുമാനം ഉണ്ടാകുന്നതാണു്.

സെറിൽമെൻറു സ്കീം

* 616. [5] †ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിൽമെൻറു സ്കീമനുസരിച്ചു, ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഏവ;

(ബി) 1963–64 വർഷത്തിൽ എത്രപേർക്കു ഈ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടു്:

(സി) സെറിൽമെൻറു സ്കീമനുസരിച്ചുള്ള ആനുകൂല്യങ്ങൾക്കു വേണ്ടിയുള്ള എത്ര അപേക്ഷകൾ ഇപ്പോൾ തീരുമാനത്തിലെത്താതെയുണ്ടു്?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) സെറിൽമെൻറു സ്കീം അനുസരിച്ചു് മൂന്നു വിധത്തിൽ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടു്.

(1) സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലാത്തവരും ഭൂമി വാങ്ങി കെട്ടിടം വെയ്ക്കുന്നതിനു നിവൃത്തിയില്ലാത്തവരുമായ പാവങ്ങൾക്കു ഗ്രാമപ്രദേശങ്ങളിൽ പത്തു സെൻറും, പട്ടണപ്രദേശങ്ങളിൽ അഞ്ചു സെൻറും, നൽകുന്നതു കൂടാതെ വീടു പണിയുന്നതിനു 670 രൂപയും സഹായധനമായി നൽകിവരുന്നുണ്ടു്. വേനനിർമ്മാണ പൂർത്തീകരണത്തിനു പ്രാദേശിക പരിതഃസ്ഥിതികളും അനുസരിച്ചു് ഈ തുക തികയാതെ വരുമ്പോൾ കളക്ടറക്കു് സ്ഥലത്തെ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറുമായി ആലോചിച്ചു് 180 രൂപവരെ ഓരോ വീടിനും കൂടുതൽ അനുവദിക്കാവുന്നതാണു്.

(2) സ്വന്തമായി ഭൂമിയില്ലാത്തവരും സ്വന്തമായി ഭൂമി വാങ്ങാൻ നിവൃത്തിയില്ലെങ്കിലും സ്വന്തമായി കെട്ടിടം വെയ്ക്കാൻ നിവൃത്തിയുള്ളവരുമായ പാവങ്ങൾക്കു പട്ടണപ്രദേശങ്ങളിൽ അഞ്ചു സെൻറും ഗ്രാമപ്രദേശങ്ങളിൽ പത്തു സെൻറു ഭൂമിയും മാത്രം നൽകുന്നതാണു്.

† Put by Smt. Kusumom.

LIBRARY ARCHIVES Kerala Legislative Assembly

(3) പട്ടണങ്ങളിൽ അഞ്ചു സെൻറും, ഗ്രാമപ്രദേശങ്ങളിൽ പത്തു സെൻറും ഭൂമിയുള്ളവരും എന്നാൽ കെട്ടിടം സ്വന്ത ചെലവിൽ പണിയുന്നതിനു സാമ്പത്തികശേഷിയില്ലാത്തവരുമായ പാവങ്ങൾക്ക് 720 രൂപയിൽ കുറയാത്ത സഹായധനം നൽകിവരുന്നുണ്ട്.

(ബി) 821 പേർക്ക്.

(സി) 1511 അപേക്ഷകൾ.

ശ്രീ. ടി. കൃഷ്ണൻ: കൊല്ലം മുനിസിപ്പാലിറ്റിയിൽ 150 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനു സ്ലംക്ലിയറൻസ് സ്കീം നടപ്പിൽവരുത്താമെന്നു പറഞ്ഞിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അതു നടപ്പിൽ വരുത്താൻ സാധിച്ചിട്ടില്ല. അങ്ങനെയുള്ളവർക്ക് സെറ്റിൽമെൻറ് സ്കീം അനുസരിച്ചു പുനരധിവാസത്തിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നു കാണിച്ച് ഗവണ്മെൻറിലേയ്ക്കു നിവേദനം തന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെൻറിൽനിന്നും എന്തു നടപടി ഉണ്ടായി?

ശ്രീ. കെ. കുഞ്ഞമ്പു: അവിടെയുള്ള തൊഴിലാളികളിൽനിന്നും നിവേദനം കിട്ടിയിട്ടില്ല. പക്ഷേ അവിടത്തെ നിയോജകമണ്ഡലത്തിൽ നിന്നും ജയിച്ചുവന്ന ശ്രീ. സി. എം. സ്റ്റീഫൻ മുഖാന്തരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സ്ലംക്ലിയറൻസ് പ്രകാരം ഒഴിപ്പിക്കപ്പെട്ടവർക്ക് പാർപ്പിടം ഇല്ലെന്നും അതുകൊണ്ട് അവർക്ക് സെറ്റിൽമെൻറ് സ്കീം പ്രകാരം പാർപ്പിട സൗകര്യം കൊടുക്കണമെന്നുമാണ് പറഞ്ഞിട്ടുള്ളത്. മത്സ്യത്തൊഴിലാളികൾക്ക് ഫിഷർമെൻ കോളനൈസേഷൻ സ്കീം അനുസരിച്ച് പാർപ്പിട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. സെറ്റിൽമെൻറ് സ്കീം പ്രകാരം പാർപ്പിട സൗകര്യം കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. മാധവൻ ഗോപിനാഥപിള്ള: ഈ പ്രോഡക്ടിനു 'സി'യുടെ ഉത്തരമായിട്ട് ആയിരത്തിലധികം അപേക്ഷകൾ ഉണ്ടെന്നുപറഞ്ഞു. അതിനെസംബന്ധിച്ച് ഒരു അവസാന തീരുമാനം എടുക്കാത്തതിന്റെ കാരണമെന്താണെന്നും, ഇതിൽ അവസാന തീരുമാനം എടുക്കേണ്ടതു ആരാണെന്നും പറയാമോ?

ശ്രീ. കെ. കുഞ്ഞമ്പു: ഓരോ ജില്ലയിലും അവസാന തീരുമാനം എടുക്കുന്നതിനു അതാതു ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ അതാതു പഞ്ചായത്തുകളെ ഇതിനുവേണ്ടി ചുമതലപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ അവസാന തീരുമാനം എടുക്കേണ്ടതു ജില്ലാ കളക്ടർ ആണ്.

ശ്രീ. എം. നാരായണക്കുറുപ്പ്: ദുർബലപ്പെട്ടുപോയ കാർഷികബന്ധ നിയമവും, ഇപ്പോൾ ഇവിടെ പാസ്സാക്കിയിരിക്കുന്ന ഭൂപരിഷ്കരണ നിയമവും അനുസരിച്ച് ഗവണ്മെൻറിന്റെ അധീനതയിൽ വരുന്ന മിച്ചഭൂമിയിൽ പൊതുജനാവശ്യത്തിനുവേണ്ടി നീക്കിവെച്ചതുകഴിച്ചു ബാക്കി വിതരണംചെയ്യാൻ വ്യവസ്ഥയുണ്ട്. പൊതുജനാവശ്യത്തിനുവേണ്ടി നീക്കിവെച്ചിരിക്കുന്ന ഭൂമി ഭൂമിയില്ലാത്ത ഹരിജനങ്ങൾക്കു പതിച്ചുകൊടുക്കുന്നതിനുള്ള നടപടികളെടുക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ആ ബില്ലുകളിൽ ഹരിജനങ്ങൾക്കു പ്രത്യേകമായി 25 ശതമാനം ഭൂമി നീക്കിവെയ്ക്കണമെന്നുണ്ട്. ശേഷിച്ചതു ഉണ്ടാകുമ്പോൾ അതു അനുസരിച്ചു ഹരിജനങ്ങൾക്കു ലഭിക്കും.

ശ്രീമതി കുസുമം: 1963-64-ൽ സെറ്റിൽമെൻറ് സ്കീം അനുസരിച്ചു എത്ര ലക്ഷം രൂപയാണ് നീക്കിവെച്ചിട്ടുള്ളത്? അങ്ങനെ നീക്കിവെച്ച സംഖ്യ മുഴുവനും ഇക്കൊല്ലംതന്നെ ചെലവഴിക്കാൻ സാധിക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: 1963-64-ൽ സെറ്റിൽമെൻറ് സ്കീമിനുവേണ്ടി 3,25,900 രൂപ നീക്കിവെച്ചിട്ടുണ്ട്. അതിൽ ഈ കഴിഞ്ഞ ഡിസംബർ 31-ാം തീയതിവരെ 2,76,173 രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി സംഖ്യ മുഴുവനും ഇക്കൊല്ലംതന്നെ ചെലവാക്കപ്പെടാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. കോരൻ: സെറ്റിൽമെന്റ് സ്കീം അനുസരിച്ച് 821 പേർക്ക് ആനുകൂല്യങ്ങൾ കൊടുത്തുവെന്ന് പറഞ്ഞു. അതിൽ ഹരിജനങ്ങൾക്ക് എത്ര വീടുകൾ വെച്ചുകൊടുത്തിട്ടുണ്ടെന്ന് പറയാമോ? കുടികിടപ്പായി കിടക്കുന്ന ഹരിജനങ്ങൾക്ക് ഇതിൽനിന്നും ആനുകൂല്യം കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ഹരിജനങ്ങൾക്ക് എത്രകണ്ട് കൊടുക്കാൻ സാധിക്കുമെന്ന ഇപ്പോൾ പറയാൻ നിവൃത്തിയില്ല. സെറ്റിൽമെന്റ് സ്കീം പ്രകാരം നീക്കിവെച്ചിട്ടുള്ളതിൽ 25 ശതമാനത്തിൽ കൂടുതൽ ഹരിജനങ്ങൾക്കുവേണ്ടി കൊടുത്തിട്ടുണ്ട്. ഈ സ്കീമിൽ സമുദായവും ജാതിയും നോക്കിയല്ല കൊടുക്കുന്നത്. എല്ലാ സമുദായത്തിൽപ്പെട്ട ഭൂമിയില്ലാത്ത ആളുകൾക്കും ഇതനുസരിച്ച് ഭൂമിയും വീടും ലഭിക്കുന്നതാണ്.

ശ്രീ. വി. പി. സി. തങ്ങൾ: പൊന്നാനിയിൽ ഫിഷർമെൻ കോളനൈസേഷൻ സ്കീം അനുസരിച്ച് അനുവദിച്ചിരുന്ന വീടുകളിൽ കഴിഞ്ഞകൊല്ലം പതിനേഴ് എണ്ണം മാത്രമേ കെട്ടുന്നതിനുള്ള സഹായം ചെയ്തുകൊടുത്തിട്ടുള്ളൂ. ബാക്കിയുള്ള വീടുകൾകൂടി കെട്ടുന്നതിനുള്ള സഹായം ചെയ്തുകൊടുക്കുന്നതിനുള്ള നടപടികൾ ഗവണ്മെന്റിൽനിന്നും എടുക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: പൊന്നാനിയിൽ ഉള്ള ഫിഷർമെൻ സമുദായത്തിൽപ്പെട്ടവർക്ക് വീടുകൾ കെട്ടിക്കൊടുക്കുന്നതിനുള്ള സഹായം ചെയ്യുന്നതിനു ഫിഷർമെൻ കോളനൈസേഷൻ സ്കീം നടപ്പിലാക്കിയിട്ടുണ്ട്. അതനുസരിച്ച് അവിടെയുള്ളവർക്ക് സഹായം കിട്ടുന്നതാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: താനൂരിൽ ഭവനനിർമ്മാണ പദ്ധതിയനുസരിച്ച് കെട്ടികൊടുത്തിട്ടുള്ള വീടുകളെല്ലാംതന്നെ പൊളിഞ്ഞുപോയ വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ആ വീടുകളെല്ലാം വെറും മണ്ണുകൊണ്ടുമാത്രം കെട്ടിയതുകൊണ്ടാണ് ഇങ്ങനെ പൊളിഞ്ഞുപോയിട്ടുള്ളതെന്നറിയുന്നു. അങ്ങനെയുള്ളവർക്ക് രണ്ടാമതു നല്ല രീതിയിലുള്ള വീടുകൾ കെട്ടികൊടുക്കുന്നതിനുള്ള നടപടികളെടുക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: താനൂരിൽ ഭവനനിർമ്മാണ പദ്ധതിയനുസരിച്ച് ഗവണ്മെന്റിൽനിന്നും കെട്ടിക്കൊടുത്തിട്ടുള്ള വീടുകളെല്ലാംതന്നെ പൊളിഞ്ഞുപോയതായി അവിടത്തെ മെമ്പർ ശ്രീ. സി. എം. കുട്ടി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അന്വേഷണം നടത്തിയതിൽ ആ വീടുകളെല്ലാം മണ്ണുകൊണ്ടു കെട്ടിയതുകൊണ്ടാണ് പൊളിഞ്ഞുപോയതെന്നും അറിയുന്നു. പൊളിഞ്ഞുപോയ വീടുകൾക്ക് പകരം വീടുകൾ കെട്ടിക്കൊടുക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: സെറ്റിൽമെന്റ് സ്കീം അനുസരിച്ച് ഓരോരുത്തർക്കും ഭൂമി വിതരണം ചെയ്യുന്നതു വിതരണ കമ്മിറ്റിയെ നിയമിച്ചാണോ? അങ്ങനെ കമ്മിറ്റികൾ രൂപീകരിക്കുന്നതിൽ ഏതെങ്കിലും പാർട്ടിക്കാർ സ്വീകരിച്ചിട്ടുണ്ടോ? അതോ മിനിസ്റ്റർക്ക് ഇഷ്ടമുള്ള ആളുകളെ ചേർത്തു കമ്മിറ്റികൾ നിയമിക്കുകയാണോ ചെയ്യുന്നത്?

ശ്രീ. കെ. കുഞ്ഞമ്പു: സെറ്റിൽമെന്റ് സ്കീം അനുസരിച്ച് ഭൂമി വിതരണം ചെയ്യുന്നതിനു പഞ്ചായത്തുകളെയും ഉദ്യോഗസ്ഥന്മാരെയുമാണ് ഏൽപ്പിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിൽതന്നെ മൂന്നു പഞ്ചായത്തു പ്രസിഡണ്ടന്മാരേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരേയും ചേർത്തുകൊണ്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ചാണ് ഭൂമി വിതരണം നടത്തുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഒരു പഞ്ചായത്തു ആ പഞ്ചായത്തിൽ നടത്തേണ്ട ഭൂവിതരണത്തെസംബന്ധിച്ച് ഒരു ലിസ്റ്റു ഗവണ്മെന്റിലേക്കു വിട്ടുകഴിഞ്ഞതിനുശേഷം, അവിടെ മിനിസ്റ്റർക്ക് ഇഷ്ടമുള്ള ആളുകളെ ചേർത്തു കമ്മിറ്റി സംഘടിപ്പിച്ചതെന്തുകൊണ്ടാണ്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു: അങ്ങനെ മിനിസ്റ്റർക്ക് ഇഷ്ടമുള്ള ആളുകളെ ചേർത്തു കൊണ്ട് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ മിനിസ്റ്ററായിരുന്നകാലത്തു അത്തരത്തിലുള്ള ഒരു കമ്മിറ്റി രൂപീകരിക്കുകയും ഒരു റിട്ട് ഹൈക്കോടതിയിൽ കൊടുക്കുകയും ചെയ്തിട്ടുണ്ട്. ആ റിട്ട് ഹൈക്കോടതി തള്ളിക്കളയുകയാണു ചെയ്തിട്ടുള്ളതെന്നറിയുന്നു. അല്ലാതെ ഈ മിനിസ്റ്റർ അങ്ങനെ ഇഷ്ടമുള്ള ആളുകളെ ചേർത്തു കമ്മിറ്റി രൂപീകരിച്ചിട്ടില്ല. പഞ്ചായത്തു പ്രസിഡണ്ടന്മാരേയും ഉദ്യോഗസ്ഥന്മാരേയും ചേർത്തുകൊണ്ടാണു കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതു്.

ശ്രീമതി കെ. ആർ. ഗൗരി: പഞ്ചായത്തുകൾക്കാണു് അധികാരം എന്നു പറയുന്നുവെങ്കിലും, ഒരു പഞ്ചായത്തിൽനിന്നും അവിടെ ഭൂമി കൊടുക്കാൻ അർഹതയുള്ളവരുടെ പേരുവിവരം കാണിക്കുന്ന ലിസ്റ്റു് അയച്ചുവെങ്കിലും, അവിടെയുള്ള ഭൂവിതരണം ആ പഞ്ചായത്തിനെ ഏൽപ്പിക്കാതെ മറ്റുള്ളവരെ ചേർത്തുകൊണ്ടു് കമ്മിറ്റി സംഘടിപ്പിക്കാനുള്ള കാരണം എന്താണെന്നാണു് ചോദിച്ചതു്?

ശ്രീ. കെ. കുഞ്ഞമ്പു: സെറ്റിൽമെന്റു സ്കീം അനുസരിച്ചു ഭൂമി പതിച്ചുകൊടുക്കുന്നതിനു് അതാതു പഞ്ചായത്തിലുള്ളവരേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരേയും ചേർത്തുകൊണ്ടു് കമ്മിറ്റി രൂപീകരിച്ചു് അവർ വിതരണം ചെയ്യുകയാണു് ചെയ്യുന്നതു്.

ശ്രീമതി എ.നഫീസത്തു ബീവി: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്നും സെറ്റിൽമെന്റു സ്കീം അനുസരിച്ച പട്ടണപ്രദേശങ്ങളിൽ അഞ്ചു സെന്റു ഭൂമി പതിച്ചുകൊടുക്കുമെന്നു് മനസ്സിലായി. എന്നാൽ ആലപ്പുഴയിൽ സെറ്റിൽമെന്റു സ്കീം അനുസരിച്ചു പതിച്ചുകൊടുത്തിട്ടുള്ള അഞ്ചാം നമ്പർ സ്ഥലം ഒഴിഞ്ഞുകിടന്നിടത്തു ഭൂമിയില്ലാത്ത ഒരു ഔസേപ്പു് മറിയം വീടുവെച്ചു് താമസിക്കുന്നതിനുവേണ്ടി അപേക്ഷിച്ചിട്ടും ഇതുവരെയും ഗവണ്മെൻറിൽനിന്നും അതു പതിച്ചുകൊടുക്കുന്നതിനുള്ള നടപടി എടുത്തിട്ടില്ല. മാത്രമല്ല അവരെ അവിടെനിന്നും ഇറക്കിവിടുന്നതിനുള്ള നോട്ടീസും കൊടുത്തിരിക്കുകയാണു്. അവരെ ഇറക്കിവിടാതിരിക്കുന്നതിനും ഭൂമി പതിച്ചുകൊടുക്കുന്നതിനും ആവശ്യമായ നടപടികളെടുക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: അവിടെ സെറ്റിൽമെന്റു സ്കീം അനുസരിച്ചു് പതിച്ചുകൊടുത്തിട്ടുള്ള ഒരു സ്ഥലത്തു് ഔസേപ്പു മറിയം എന്നൊരാൾ അനധികൃതമായി പ്രവേശിച്ചു് വീടുകെട്ടി താമസിക്കുകയാണു്. ബഹുമാനപ്പെട്ട മെമ്പർതന്നെ അക്കാര്യം എന്നോടു പറഞ്ഞപ്പോൾ സ്വന്തമായി ഭൂമി ഇല്ലെന്നു കാണിച്ചുകൊണ്ടുള്ള അപേക്ഷ ഗവണ്മെൻറിലേക്കു അയച്ചാൽ അതു പരിശോധനക്കെടുക്കാമെന്നു ഞാൻ മറുപടി പറയുകയും ചെയ്തു. എന്നാൽ ഭൂമിയില്ലെന്നു കാണിച്ചു് ഇതുവരെയും ആ ആളിൽനിന്നും അപേക്ഷ കിട്ടിയിട്ടില്ല. അപേക്ഷ അയയ്ക്കുകയാണെങ്കിൽ ആ കാര്യം പരിശോധിക്കാം.

ഗവണ്മെൻറു് ടെക്നിക്കൽ കോളേജുകളിലെ വിദ്യാർത്ഥികൾ.

* 617. [6] ശ്രീമതി കുസുമം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ Government ടെക്നിക്കൽ കോളേജുകളിൽ ഓരോന്നിലും അദ്ധ്യയനംനടത്തുന്ന വിദ്യാർത്ഥികൾ എത്ര; വിദ്യാർത്ഥിനികൾ എത്ര;

(ബി) ഓരോസ്ഥാപനത്തിലും എത്ര വിദ്യാർത്ഥികൾക്കു് ഹോസ്റ്റൽ സൗകര്യങ്ങൾ ഉണ്ടു്; എത്ര വിദ്യാർത്ഥിനികൾക്കു് ഹോസ്റ്റൽ സൗകര്യങ്ങൾ ഉണ്ടു്;

(സി) വിദ്യാർത്ഥിനികൾക്കു് പ്രത്യേകമായി ഹോസ്റ്റൽ സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവർക്കു് അത്യാവശ്യമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുമോ?